പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2138 **26-10-2026-ൽ മറുപടിയ്ക്ക്**

കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) കുടുംബശ്രീ സംരംഭകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സ്ഥിരമായ വിപണി ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ;

മറുപടി: ഉണ്ട്. കുടുംബശ്രീ ഉല്പന്നങ്ങളുടെ സ്ഥിരവിപണനത്തിനായി ബസാർ, നാനോ മാർക്കറ്റ്, കിയോസ്ക്, മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ, പിങ്ക് കഫേ കിയോസ്കുകൾ, സംയോജിത വിപണന കേന്ദ്രങ്ങൾ എന്നിവയും, കുടുംബശ്രീ ഉല്പന്നങ്ങൾ സാമൂഹികാധിഷ്ഠിത വിതരണ ശൃംഖല വഴി വീടുകളിലെത്തിക്കുന്നതിനുള്ള ഹോംഷോപ്പുകൾ, ഓൺലൈൻ മാർക്കറ്റിംഗിലൂടെയുള്ള വിപണനം, തൃശ്ശൂർ, കൊല്ലം ജില്ലകളിൽ ഓൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസ്സോസിയേഷനുമായി സഹകരിച്ച് കുടുംബശ്രീ ഉൽപ്പന്നങ്ങൾ റീറ്റെയ്ൽ ഷോപ്പുകൾ വഴി വിപണനം നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ, പ്രാദേശിക-ദേശീയ വിപണന മേളകളായ മാസച്ചന്തകൾ, സരസ്സ് ഫെയറുകൾ, ഓണവിപണന മേളകൾ, മറ്റ് വിപണനമേളകൾ എന്നിവയിലൂടെയും കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനം നടത്തിവരുന്നുണ്ട്.

(ബി) സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് ഒരു സംസ്ഥാനതല കുടുംബശ്രീ മാർക്കറ്റ് പ്ലേസ് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: കുടുംബശ്രീ ഉല്പന്നമായ അമൃതം ന്യൂട്രിമിക്സ് സംസ്ഥാന തലത്തിൽ എല്ലാ അംഗൻവാടികളിലും സംരംഭക യൂണിറ്റുകളിലൂടെ എത്തിക്കുന്നതിനുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര - സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്ക് പൊതുവായി സാധനങ്ങൾ വാങ്ങാനുള്ള മാർക്കറ്റ് പ്ലെയ്സ് ആയ GeM പോർട്ടലിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും, സംരംഭങ്ങൾ രജിസ്റ്റർ ചെയ്യിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ